[Rao Sahib K. Ayyappan]

സ്ഥലങ്ങളിൽ മാത്രമേ വെള്ളം കൊടുക്കാറുള്ളൂ. മുളവുകാട്ടംമറവും വൈപ്പിൻകരയിലെ ചില പ്രദേശങ്ങളോളംതന്നെ ജലക്ഷാമമുള്ള സ്ഥലങ്ങളല്ല.

മിസ്സിസ്സ് ടി. ഫ്രാൻസീസ്സ്: ആ വഴിക്കാണ് വെള്ളം കൊണ്ടുപോകുന്നത്. അപ്പോൾ മറവ സ്ഥലങ്ങളെപ്പോലെതന്നെ വെള്ളം ആവശ്യമുള്ള അവിടേയും കുറച്ചു വെള്ളം കൊടുത്തിട്ടുപോകാൻ സാദ്ധ്യമല്ലേയെന്നാണ് ഞാൻ ചോദിക്കുന്നത്?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: അവിടെ വെള്ളം കൊടുത്താൽ, അതിനേക്കാൾ അത്യാവശ്യമായ സ്ഥലത്തു് വെള്ളം കിട്ടാതെ വരുകയില്ലേ എന്നാണ് സംശയം.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: വെള്ളം കൊണ്ടുപോകുന്നതിനു് കൂടുതൽ ക്രാഫ്റ്റ് ഉപയോഗിക്കരുതേ?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: അതു് അത്ര എളുപ്പമുള്ള കാര്യമല്ല.

മിസ്സിസ് ടി. ഫ്രാൻസീസ്: എങ്ങിനെയെങ്കിലും അവിടെക്കൂടി കുറച്ചു വെള്ളം കൊടുക്കാൻ ഏർപ്പാടു ചെയ്യാമൊ?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: അതിനെപ്പറ്റി ആലോചിക്കാം.

## COLLEGE AT KOOVAPADAM—LAND ACQUISITION

**184.** ചൌധരി ജി. എസ്സ്. ധാരാസിംഗ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവർമ്മെണ്ടു ദയവായി മറുപടി പറയുമൊ.—

(എ) കുവപ്പാടത്തു് ഒരു കോളേജിനുവേണ്ടി അക്വയർ ചെയ്ത സ്ഥലത്തുള്ള കുടികിടപ്പുകാർക്കു മാറി താമസിക്കുവാൻ വേണ്ട സ്ഥലം ഗവർമ്മെണ്ടു് അക്വയർ ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെ;

(സി) എത്ര ഏക്കർ സ്ഥലം?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി:

(എ) ഇവരുടെ ആവശ്യത്തിനും മറവ ആവശ്യങ്ങൾക്കും കൂടി അക്വയർ ചെയ്യുവാൻ വേണ്ട നടപടികൾ എടുത്തുവരുന്നുണ്ടു്.

(ബി) കൊച്ചികണയന്നൂർ താലൂക്കു രാമേശ്വരം വില്ലേജിൽ.

(സി) ഉദ്ദേശം 40 ഏക്കർ സ്ഥലം എടുക്കുന്നുണ്ടു്.

ചൌധരി ജി. എസ്സ്. ധാരാസിംഗ്: നടപടികൾ എടുത്തുവരുന്നുണ്ടു് എന്നു പറഞ്ഞിട്ടുണ്ടല്ലൊ; അതു് എത്രത്തോളമായിട്ടുണ്ടു്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ലാൻഡ് അക്വിസിഷൻ ആക്ട് പ്രകാരം, 4 നോട്ടിഫിക്കേഷൻ വേണം. അതിൽ ഒന്നു കഴിഞ്ഞു. മറ്റൊന്നിനു് സമയമാകുന്നേയുള്ളൂ.

മിസ്റ്റർ പി. കെ. ഡിവർ: കുവപ്പാടത്തുനിന്നു് കുടികിടപ്പുകാരെ ഒഴിപ്പിച്ചൊ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഇല്ല.

ചൌധരി ജി. എസ്സ്. ധാരാസിംഗ്: ഇവരെ മാറ്റി താമസിപ്പിക്കുന്നതിനുള്ള സ്ഥലം തയ്യാറായിക്കഴിഞ്ഞിട്ടുണ്ടൊ?

മിസ്റ്റർ സി ആർ. ഇയ്യുണ്ണി: സ്ഥലം എടുത്തിട്ടില്ല. അക്വയർ ചെയ്യുന്നതിനു് നിശ്ചയിച്ചിട്ടുണ്ടു്.

മിസ്റ്റർ പി. കെ. ഡിവർ: ഈ കുടികിടപ്പുകാർ അവിടെനിന്നു് ഒഴിഞ്ഞുപോകേണ്ടി വരുന്നതിനുമുമ്പു്, അടിയന്തിരാവശ്യമായി, അവക്കു വേറെ സ്ഥലം അക്വയർചെയ്തു കൊടുക്കാൻ സാധിക്കുമൊ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അതിനുള്ള നടപടിയെടുക്കുന്നുണ്ടു്. പക്ഷെ, അടിയന്തിരാവശ്യം എന്നുള്ള നിലയിലല്ലാ എടുക്കുന്നതു്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ഇനിയത്തെ നോട്ടിഫിക്കേഷൻ വരുന്നതോടുകൂടി അവക്കു് അവിടെനിന്നു് ഒഴിഞ്ഞുപോകേണ്ടിവരുമല്ലൊ; അതിനുമുമ്പു് അവക്കു താമസിക്കാനുള്ള സ്ഥലം വേറെ കൊടുക്കുമൊ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: കൊടുക്കണമെന്നാണു് ഉദ്ദേശിച്ചിരിക്കുന്നതു്.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: കോളേജിനുവേണ്ടിയുള്ള സ്ഥലം അക്വയർചെയ്യുന്നതിനെ സംബന്ധിച്ചു് രണ്ടു നോട്ടിഫിക്കേഷനും കഴിഞ്ഞൊ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: നോട്ടീസ്സ് വേണം.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: അതു കഴിഞ്ഞിട്ടുണ്ടെങ്കിൽ, അവിടെയുള്ള കടികിട്ടപ്പുകാർ ഉടനെ ഇറങ്ങി പോകേണ്ടിവരികയില്ലെ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അതു വേണമെന്നില്ല.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: അവിടെ എന്തു കോളേജാണ് സ്ഥാപിക്കാൻ പോകുന്നതു്? ആർട്ട്സ് കോളേജോ, ടെക്നോളജിക്കൽ കോളേജോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ആർട്ട്സ് കോളേജ്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: കൊച്ചീരാജ്യത്തെ സ്ഥിതിവെച്ചുകൊണ്ടു അവിടെ ഒരു ടെക്നോളജിക്കൽ കോളേജ് ഉണ്ടാക്കാൻ ശ്രമിക്കുന്നതോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഒരു പ്രൈവറ്റ് കോളേജാണു് അവിടെ സ്ഥാപിക്കാൻ പോകുന്നതു്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: എന്നാലും അതിനു് അവരെ നിർബ്ബന്ധിക്കാൻ വിരോധമുണ്ടൊ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അവരോടു് ആവശ്യപ്പെടാൻ വിരോധമില്ല.

## COMPLAINTS TO THE CRANGANUR POLICE INSPECTOR

185. മിസ്റ്റർ കെ. കൊച്ചുകുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവർമ്മെണ്ടു സദയം മറുപടി പറയുമൊ.—

(എ) കൊടുങ്ങല്ലൂരിൽ ഇപ്പോഴത്തെ പോലീസ് ഇൻസ്പെക്ടർ ചാർജ്ജെടുത്തതിനു ശേഷം അധികൃതർ സങ്കടക്കാരായി (Petitioners) അവരുടെ എത്ര പരാതികൾ ഇൻസ്പെക്ടരുടെ മുമ്പാകെ എത്തിയിട്ടുണ്ടു്;

(ബി) ഇതിൽ എത്ര എണ്ണത്തിൽ കേസ്സു ചാർജ്ജു ചെയ്തു;

(സി) എത്ര കേസ്സു ചാർജ്ജു ചെയ്യാതെതന്നെ പൂട്ടിക്കളയുവാൻ വിട്ടയച്ചു;

(ഡി) ചാർജ്ജു ചെയ്തതിൽ എത്ര കേസ്സുകളിലെ പ്രതികളെ ശിക്ഷിച്ചു?

റാവുസാഹിബ്ബ് എ. മാധവപ്രഭു:

(എ) ഏഴു.

(ബി) ഒൻപതു.

(സി) രണ്ടു.

(ഡി) ഏഴു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അഞ്ചുകേസ്സു് ചാർജ്ജു് ചെയ്തതിൽ ഒരെണ്ണമേ ശിക്ഷിച്ചിട്ടുള്ളു എന്നു് പറയുന്നു. ബാക്കി നാലെണ്ണം ഏതുനിലയിൽ ഇരിക്കുന്നു?

റാവുസാഹിബ്ബ് എ. മാധവപ്രഭു: നോട്ടീസ്സ് വേണം.

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: രണ്ടെണ്ണം തള്ളിയതായി ഇന്നു് അറിവായിട്ടുണ്ടു്.

മിസിസ്സ് കെ. എം. ആർ. മേനോൻ: കൊടുങ്ങല്ലൂരിൽ, ഒരു കാൺസ്റ്റബിൾ ഒരു സ്ത്രീയെ അടിച്ചതായി വല്ല ആവലാതിയും ഗവർമ്മെണ്ടിനു കിട്ടിയിട്ടുണ്ടോ?

റാവുസാഹിബ്ബ് എ. മാധവപ്രഭു: അറിയാൻ പാടില്ല.

മിസ്റ്റർ കെ. കെ. കണ്ണൻ: ഏ കേസ്സു് ചാർജ്ജു് ചെയ്യാതെതന്നെ പൂട്ടിക്കളയുവാൻ വിട്ടയച്ചു എന്നു് പറയുന്നുണ്ടു്; ഈ ഏ കേസും റഫർചെയ്ത എന്നാണു് ഇതിൽനിന്നും മനസ്സിലാക്കേണ്ടതു്. അങ്ങിനെയാണെങ്കിൽ വാസ്തവത്തിൽ അതു് മനഃപൂർവ്വം റഫർചെയ്തതല്ലേ?

റാവുസാഹിബ്ബ് എ. മാധവപ്രഭു: യാതൊരു മനപൂർവ്വവുമില്ല.

മിസ്റ്റർ കെ. കെ. കണ്ണൻ: ഏഴു കേസിൽ ഏ എണ്ണം റഫർചെയ്തുപോയതു് വേണ്ടതരത്തിൽ പോലീസ്സുകാർ അന്വേഷണം നടത്താഞ്ഞിട്ടല്ലേ?

റാവുസാഹിബ്ബ് എ. മാധവപ്രഭു: പോലീസുകാർ വേണ്ടതരത്തിൽ അന്വേഷിച്ചു; പക്ഷെ തെളിവുകിട്ടിയില്ല.

മിസ്റ്റർ കെ. കെ. കണ്ണൻ: അധികൃതമർദ്ദനങ്ങളെ സംബന്ധിച്ചുള്ള മിക്കകേസുകളും അവാസ്തവമാണെന്നാണോ ഗവർമ്മെണ്ടു വിചാരിക്കുന്നതു്?

റാവുസാഹിബ്ബ് എ. മാധവപ്രഭു: അല്ല.



LIBRARY ARCHIVES Kerala Legislative Assembly